# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2609** **21.06.2012 - ൽ മറുപടിക്ക്**

**പട്ടാര്യസമാജം എച്ച്.എസ്.പള്ളിപ്പുറത്തിന് പ്ലസ് ടു അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എം. ആരിഫ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ ഏറ്റവും പ്രബല പിന്നോക്ക വിഭാഗമായ പത്മശാലീയ സഭയുടെ നിയന്ത്രണത്തിലുള്ള പട്ടാര്യ സമാജം മാനേജ്മെന്റിന്റെ കീഴിലുള്ള ഏക വിദ്യാഭ്യാസ സ്ഥാപനമാണ് പട്ടാര്യസമാജം എച്ച്. എസ്. പള്ളിപ്പുറം എന്നുള്ള കാര്യം അറിയാമോ : | അറിയാം. |
| (ബി) പ്രസ്തുത സ്കൂളിൽ പ്ലസ് ടു തുടങ്ങണമെന്ന് ആവശ്യപ്പെട്ട് അരൂർ എം.എൽ.എയുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൊട്ടടുത്തെങ്ങും പ്ലസ് ടു വിദ്യാലയങ്ങൾ ഇല്ലാത്തതിനാൽ ഈ സ്കൂളിന് പ്ലസ് ടു അനുവ ദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഹയർ സെക്കന്ററി മേഖലയിൽ പുതിയ സ്കൂളുകളും ബാച്ചും അനുവദിക്കുന്ന കാര്യത്തിൽ നാളിതുവരെ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല. ടി. തീരുമാനം എടുക്കുന്ന മുറക്ക് ഹയർസെക്കന്ററി ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ബന്ധപ്പെട്ട സ്കൂൾ മാനേജ്മെന്റിന് ഉചിത മാർഗ്ഗേന അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ അത് വസ്തുതപരമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ